# പതിനാലാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3256** **07.11.2019-ൽ മറുപടിയ്ക്ക്**

**<u>കല്ലാനോട് ഫിഷ് ഹാച്ചറി</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) കല്ലാനോട് ഫിഷ് ഹാച്ചറിയോടനു ബന്ധമായി ഇറിഗേഷൻ വകുപ്പ് വിട്ടുതന്ന രണ്ട് ഏക്കർ സ്ഥലത്ത് ടൂറിസം സാധ്യത കൂടി പരിഗണിച്ച് വിപുലമായ ഒരു മാസ്റ്റർ പ്ലാൻ സർക്കാറിന് സമർപ്പിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൻ മേൽ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ ; | എ) ഉണ്ട്. കോഴിക്കോട് ജില്ലയിലെ കല്ലാനോട് ശുദ്ധജലമത്സ്യവിത്തുല്പാദന കേന്ദ്രത്തിന്റെ രണ്ടാംഘട്ട വികസനത്തിനായി ഇറിഗേഷൻ വകുപ്പിന്റെ ഭൂമി കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് 11 കോടി രൂപ മതിപ്പു ചെലവു പ്രതീക്ഷിക്കുന്ന പ്രപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ടി പദ്ധതിക്കായി ഇറിഗേഷൻ വകുപ്പിൽ നിന്നും പ്രസ്തുത സ്ഥലത്തിന്റെ പെർമിസീവ് സാങ്ഷൻ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയത് ലഭിയ്ക്കുന്ന മുറയ്ക്ക് ടൂറിസം വകുപ്പുമായി ചേർന്ന് പദ്ധതി നിർവഹണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |
| ബി) അണ്ടർ ഗ്രൗണ്ട് അക്വേറിയം ഉൾപ്പെടെയുള്ള ഈ പദ്ധതി അടിയന്തരമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കാമോ? | ബി) വെള്ളപ്പൊക്കം ബാധിച്ച സ്ഥലമായതിനാൽ അണ്ടർഗ്രൗണ്ട് അക്വേറിയം സ്ഥാപിക്കുന്നതിന് വിശദമായ പഠനങ്ങൾ കൂടി ആവശ്യമാണ്. |

**സെക്ഷൻ ആഫീസർ**